കലാകാരികളേയും സംരക്ഷിക്കാനുള്ള ഈ ബില്ലിനെക്കുറിച്ചുള്ള വിപുലമായ ചർച്ച ഇനിയും ഉണ്ടാകണം. നേരത്തെ ബഹുമാനപ്പെട്ട എം. എം. ഹസ്സനും ശ്രീ. ജി. കാർത്തികേയനും എടുത്ത സമീപനത്തിൽ നിന്ന് വ്യത്യസ്തമായി ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാറും സമീപിച്ച് ഈ ബിൽ ചർച്ച ചെയ്ത് അവസാനിക്കുന്നതോടുകൂടി ഗവൺമെന്റ് തന്നെ അംഗീകരിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, അടുത്ത ദിവസത്തേയ്ക്ക് ഈ ചർച്ച മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, പ്രസംഗം നിർത്തുകയാണ്.

(ചർച്ച തുടരും)

3. 2001-ലെ കേരള റൈറ്റ് ടു ഇൻഫർമേഷൻ ബിൽ

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയത്—ചർച്ച തുടർച്ച)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ അവതരിപ്പിച്ച 2001-ലെ Kerala Right to Information Bill-ന് അന്നിവിടെ അവതരണാനുമതി നേടിയ സന്ദർഭത്തിൽ ബഹുമാന്യനായ അന്നത്തെ പാർലമെന്ററി അഫയേഴ്സ് മന്ത്രി ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത് ഈ ബില്ലിന് സമാനമായിട്ടുള്ളതോ അല്ലെങ്കിൽ ഇതിനേക്കാൾ നല്ലതോ ആയ ബില്ല് ഗവൺമെന്റ് തയ്യാറാക്കി ഇവിടെ അവതരിപ്പിക്കും, അതുകൊണ്ട് ഇതിന്റെ ആവശ്യമില്ല എന്നാണ്. ഈ ബില്ല് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ട് മൂന്ന് കൊല്ലമായി ഇതുവരെയായിട്ടും ഇതിന് സമാനമായ ബില്ല് കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറായില്ല. മാത്രമല്ല Right to Information നിയമം കൊണ്ടുവരുമെന്ന് യു.ഡി.എഫ്-ന്റെ മാനിഫെസ്റ്റോയിൽ പറഞ്ഞിരുന്നു. മറ്റ് പല സ്റ്റേറ്റുകളും ഇത്തരത്തിലുള്ള നിയമ നിർമ്മാണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. എന്നിട്ടും കേരളത്തിൽ നിയമനിർമ്മാണം കൊണ്ടുവരാൻ തയ്യാറാകുന്നില്ല. എനിക്ക് തോന്നുന്നത്, മുൻപൊക്കെ വെള്ളിയാഴ്ച അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾ അവതരിപ്പിക്കുമ്പോൾ ആ ബില്ലിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് മുൻപൊക്കെ മറുപടി പറഞ്ഞിരുന്നത് ബന്ധപ്പെട്ട മന്ത്രിമാരായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ഇവിടെ ബില്ല് കൊണ്ടുവരാൻ ബന്ധപ്പെട്ട വകുപ്പിന് പ്രേരണ കിട്ടുമായിരുന്നു. എന്നാൽ ഇപ്പോൾ എല്ലാ ബില്ലിനും കൊലയാളിയായിട്ട് രംഗത്ത് വരുന്നത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. അദ്ദേഹത്തിന് കല മാത്രമേയുള്ളൂ കൊലയില്ല എന്നുപറഞ്ഞു. പക്ഷെ ബില്ല് കൊലചെയ്യുന്ന ഏറ്റവും വലിയ കൊലയാളിയെന്നാണ് ശ്രീ. തിരുവഞ്ചൂർ അറിയപ്പെടുന്നത്. ബില്ലിനെ സംബന്ധിച്ച ക്രമീകരണത്തിന് മാറ്റം വരുത്തണം. ബന്ധപ്പെട്ട മന്ത്രിമാർ തന്നെ അനൗദ്യോഗികാംഗങ്ങളുടെ ബില്ലിന് അവതരണാനുമതി തേടുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ മറുപടി പറയുകയാണെങ്കിൽ, അതിന്റെയടിസ്ഥാനത്തിൽ ബില്ല് കൊണ്ടുവരും

LIBRARY ARCHIVES Kerala.Legislative Assembly

എന്നുപറഞ്ഞാൽ ആ വകുപ്പിന് ആ ബിൽ കൊണ്ടുവരാനുള്ള പ്രേരണ കൊടുക്കുന്ന ഒരു ഇടപെടൽ ആയിട്ട് ചർച്ച മാറും. യഥാർത്ഥത്തിൽ വെള്ളിയാഴ്ച ദിവസങ്ങളിൽ അവതരിപ്പിക്കുന്ന ബില്ല് യാതൊരു ലക്ഷ്യത്തിലും എത്തുന്നില്ല. നമ്മുടെ സമയം നഷ്ടമാകുന്നു എന്നുള്ളതാണ് അനുഭവം. അത് മുൻനിർത്തിക്കൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു പുനഃപരിശോധന നടത്തണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറുപടി പറയുന്നതുകൊണ്ടുള്ള വിരോധം കൊണ്ടു പറഞ്ഞതല്ല. നമുക്ക് നല്ല ആളു് ശ്രീ. രാധാകൃഷ്ണൻ തന്നെയാണ്. പക്ഷെ അദ്ദേഹത്തിന് ഈ വകുപ്പിന് നേരെ യാതൊരു നിയന്ത്രണവും ഇല്ല. ഈ ബില്ലിന് മറുപടി പറയേണ്ടത് ബഹുമാന്യനായ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയുടെ വകുപ്പുമായി ബന്ധപ്പെട്ട ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ല് പരിഗണിക്കാനോ ഇതിനനുസരിച്ചുള്ള നിയമം കൊണ്ടുവരാനോ ഗവൺമെന്റിന് യാതൊരു മനസ്സും ഇല്ലെന്നാണ് തോന്നുന്നത്.

ശ്രീ. എം. എം. ഹസ്സൻ: ഈ വകുപ്പും ഞാൻ തന്നെയാണ് കൈകാര്യം ചെയ്തിരുന്നത്. ഇൻഫർമേഷനും ഈ വകുപ്പിന്റെ കീഴിൽ വരുന്നതാണ്. കാലതാമസം ഉണ്ടായതിനു പ്രധാന കാരണം ഓരോ സ്റ്റേറ്റുകളും ഇൻഫർമേഷൻ ബില്ല് പാസാക്കിയ അവസരത്തിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് ഡയറക്ഷൻ കൊടുത്തു. കാരണം മന്ത്രിസഭ പാസ്സാക്കിയ ഇൻഫർമേഷൻ ആക്ടിന്റെ പിൻതുടർച്ചയെന്ന നിലയിൽ സംസ്ഥാനങ്ങൾ റൂൾസുണ്ടാക്കിയാൽ മതി. തുടർന്ന് സംസ്ഥാന നിയമസഭകൾ ഇത്തരത്തിലുള്ള ബില്ല് പാസാക്കേണ്ടതില്ലെന്ന് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് നിർദ്ദേശം തന്നതുകൊണ്ടാണ് കാലവിളംബം ഉണ്ടായത്. പക്ഷെ സംസ്ഥാനങ്ങൾക്ക് വേണമെങ്കിൽ നിയമം പാസ്സാക്കാമെന്നുള്ള വസ്തുത നിലവിലിരിക്കെയാണ് നിർദ്ദേശം വന്നത്. അതുകൊണ്ടാണ് കാലതാമസം വന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സംസ്ഥാനങ്ങൾക്ക് നിയമമുണ്ടാക്കാമെന്നുള്ളതുകൊണ്ടാണല്ലോ യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയിൽത്തന്നെ അത് പറഞ്ഞത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ശ്രീ. എം. എം. ഹസ്സൻ പറഞ്ഞതുപോലെ അതിന്റെയടിസ്ഥാനത്തിൽ 14-1-2004-ന് റൂൾസുണ്ടാക്കിയിട്ടുണ്ട്. ആ റൂൾസ് ക്യാബിനറ്റ് അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പുതിയ ബില്ല് ആവശ്യമില്ലെന്ന് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കർണാടക സംസ്ഥാനം ഇതിന് നേരത്തെ തന്നെ നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. നിയമനിർമ്മാണ പ്രക്രിയയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമായിട്ടുപോലും നമുക്ക് എന്തുകൊണ്ട് നിയമനിർമ്മാണം നടത്താൻ സാധിച്ചില്ല? യു.ഡി.എഫ്. നൽകിയിട്ടുള്ള മറ്റ് വാഗ്ദാനങ്ങൾ പോലെതന്നെ നിയമനിർമ്മാണത്തിന്റെ കാര്യവും ഗവൺമെന്റ് വിസ്മരിക്കുകയാണ് ചെയ്തിട്ടുള്ളത്. എവിടെയാണെങ്കിലും ഭരണം സുതാര്യമാകണം.

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല ഇ-ഗവേണൻസിന്റെ കാലമാണ്. അങ്ങനെയുള്ള സന്ദർഭത്തിൽ ഇങ്ങനെ ഒരു നിയമം വളരെ അത്യന്താപേക്ഷിതമാണ്. ഗവൺമെന്റിൽനിന്ന് ഒരു പൗരന് വിവരം കിട്ടണമെങ്കിൽ ഇന്ന് യാതൊരു സംവിധാനവും ഇല്ല. ഓഫീസിൽ പോയാൽ ഒരു വിവരം ചോദിച്ചാൽ പറഞ്ഞുകൊടുക്കില്ല. സർക്കാർ ഓഫീസിന്റെ വിവരം കിട്ടണമെങ്കിൽ ഒരു പൗരന് എങ്ങനെ സാധിക്കും? നിയമസഭയിലുള്ള ഒരു വിവരം സാധാരണക്കാരന് മനസ്സിലാകണമെങ്കിൽ, ചോദിച്ചാൽ വിവരം കിട്ടുന്ന യാതൊരു സംവിധാനവും ഇന്നില്ല. മെമ്പർമാർ ചോദിക്കുന്ന ചോദ്യങ്ങൾക്കുപോലും കൃത്യമായി ഉത്തരം കിട്ടാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച നിയമനിർമ്മാണം വളരെ ആവശ്യമാണെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. നമ്മുടെ പഞ്ചായത്ത്‌രാജ് നിയമത്തിൽ ചില വ്യവസ്ഥകളുണ്ട്. അതുപ്രകാരം പഞ്ചായത്ത് ഓഫീസിൽ നിന്ന് ഒരു പ്രശ്നത്തെ സംബന്ധിച്ച് അറിയാൻ അപേക്ഷ കൊടുത്താൽ ഒരു മാസത്തിനുള്ളിൽ ചോദിച്ച വ്യക്തിക്ക് ചോദിച്ച വിവരം കൊടുക്കണം. അങ്ങനെ കൊടുക്കുന്നില്ലെങ്കിൽ പിന്നീടുള്ള ഓരോ ദിവസത്തേയും അടിസ്ഥാനമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്ന് ഫൈൻ ഈടാക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷെ ഇത് നമ്മുടെ സംസ്ഥാനത്ത് വേണ്ടത്ര നടപ്പിലാക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ് വസ്തുത. പഞ്ചായത്ത് രാജ് നിയമത്തിൽ തന്നെ നിർമ്മിക്കുന്ന റോഡുകൾക്കുവേണ്ടി എത്ര പണമാണ് ചെലവഴിച്ചതെന്ന്, റോഡ് പൂർത്തിയായിക്കഴിഞ്ഞാൽ അവിടെ ഒരു ബോർഡ് വച്ച് അതിൽ രേഖപ്പെടുത്തിവയ്ക്കണമെന്നുള്ള വ്യവസ്ഥയുണ്ട്. ഇതാരെങ്കിലും ചെയ്യുന്നുണ്ടോ? ചെയ്യാതിരുന്നാൽ ഇടപെടാൻ എന്തെങ്കിലും സംവിധാനമുണ്ടോ? യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇത്തരം കാര്യങ്ങൾ അറിയാൻ യാതൊരുവിധ അവകാശവും ഇല്ലാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇപ്പോൾത്തന്നെ നമ്മുടെ സംസ്ഥാനത്ത് എന്തൊക്കെയാണ് നടക്കുന്നത്? ഇവിടെ കഴിഞ്ഞ നിയമസഭയിൽ കണക്ക് വന്നു. നമ്മുടെ ബഹുമാന്യനായ മന്ത്രി വീട് മോടിപിടിപ്പിക്കാൻ പതിനഞ്ചര ലക്ഷം രൂപയ്ക്ക് അവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് അറിയാനുള്ള അവകാശം നമുക്കില്ലേ? ധനകാര്യമന്ത്രിയാണെങ്കിൽ താമസിക്കുന്നത് മുഖ്യമന്ത്രിമാർ താമസിച്ചിരുന്ന വീട്ടിലാണ്. ക്ലിഫ് ഹൗസാണ് നമ്മുടെ ധനകാര്യമന്ത്രിക്ക് നൽകിയിട്ടുള്ളത്. അദ്ദേഹം മുഖ്യമന്ത്രിയാകാൻവേണ്ടി നടന്നയാളാണ്. അവസാനം മുഖ്യമന്ത്രിയുടെ സ്ഥാനം കിട്ടുന്നില്ലെങ്കിൽ മുഖ്യമന്ത്രിയുടെ വീടെങ്കിലും ഇരിക്കട്ടെയെന്ന് വിചാരിച്ചാണ് ക്ലിഫ്ഹൗസ് അദ്ദേഹത്തിന് കൊടുത്തത്. ഇപ്പോൾ പതിനഞ്ചര ലക്ഷം രൂപ ചെലവഴിച്ച് അത് ക്ലീനാക്കിയിരിക്കുകയാണ്. ക്ലീനാക്കുന്നതിനുവേണ്ടി ചെലവഴിച്ചതെന്തിനെല്ലാമാണ്, അതറിയാനുള്ള അവകാശം നമുക്കില്ലേ? അതിന് നിയമം വേണ്ടേ? നിയമം ഇല്ലാത്തതുകൊണ്ടല്ലേ നമുക്ക് ഇത് കിട്ടാത്തത്. അതുപോലെ കഴിഞ്ഞ ദിവസം നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി ഹെലികോപ്റ്ററിൽ യാത്ര ചെയ്തു. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു മുഖ്യമന്ത്രി നിയമസഭ ചേർന്നു കൊണ്ടിരിക്കുമ്പോൾ ഹെലികോപ്റ്ററിൽ യാത്ര ചെയ്യുന്നത്. ആ യാത്രകൊണ്ട് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് എത്ര അധിക ബാധ്യത വന്നു? ഹെലികോപ്റ്റർ ഉപയോഗിച്ച്, ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് ഒരു യാത്ര നടത്തേണ്ടതുണ്ടായിരുന്നോ? ശനി, ഞായർ ദിവസങ്ങളിൽ അദ്ദേഹത്തിന് യാത്ര നടത്തിക്കൂടായിരുന്നോ? നിയമസഭ കൂടുന്ന സമയത്തുതന്നെ എന്തിന് യാത്ര നടത്തി? എന്തിന് ഹെലികോപ്റ്റർ ഉപയോഗിച്ചുകൊണ്ട് അദ്ദേഹം കണ്ണൂരിൽനിന്ന് തിരുവനന്തപുരത്തേക്ക് വന്നു? ഇത് നമുക്ക് അറിയണ്ടേ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> കണ്ണൂരിൽ ഉണ്ടായ കൊലപാതകത്തെക്കുറിച്ച് അടിയന്തിര പ്രമേയം അവതരിപ്പിച്ച് കഴിഞ്ഞു. മുഖ്യമന്ത്രി ആ സ്ഥലം സന്ദർശിക്കണമെന്ന് രാഷ്ട്രീയപ്പാർട്ടികൾ ആവശ്യപ്പെട്ടതാണ്. നിയമസഭ നടക്കുമ്പോൾ ഇത്തരം അത്യാഹിതം ഉണ്ടായാൽ മുഖ്യമന്ത്രിക്ക് അങ്ങനെ ഒരു സ്ഥലത്ത് പോകാൻ ഹെലികോപ്റ്റർ ഉപയോഗിക്കാൻ പാടില്ലേ? ഇതിനുമുൻപും പല മുഖ്യമന്ത്രിമാരും പോയിട്ടില്ലേ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഇവിടെ സംഭവം വ്യാഴാഴ്ചയാണ് നടന്നത്. വെള്ളിയാഴ്ചയാണ് നിയമസഭയിൽ അടിയന്തിരപ്രമേയ നോട്ടീസ് കൊണ്ടുവന്നത്. ഞങ്ങളെല്ലാം ആ സ്ഥലത്ത് പോയി. മുഖ്യമന്ത്രിക്ക് ശനിയാഴ്ചയും ഞായറാഴ്ചയും ഉണ്ടായിരുന്നു പോകാൻ. മുഖ്യമന്ത്രി നിയമസഭയുള്ള ദിവസം തന്നെപോകാൻ തെരഞ്ഞെടുത്തു. മാത്രമല്ല അന്ന് ക്യാബിനറ്റ് യോഗമുള്ള ദിവസമായിരുന്നു. ക്യാബിനറ്റ് യോഗത്തേക്കാൾ പ്രധാനം അന്ന് തിരുവനന്തപുരത്ത് വരാനുള്ള കാരണം എം. പി. ഗംഗാധരനെ ഡെപ്യൂട്ടി ലീഡർ സ്ഥാനത്തുനിന്ന് പുറത്താക്കണം എന്നതിനായിരുന്നു. അതിനുവേണ്ടി നിയമസഭാകക്ഷി യോഗത്തിൽ പങ്കെടുക്കാൻ വേണ്ടി മാത്രമാണ് മുഖ്യമന്ത്രി ഹെലികോപ്റ്റർ ഉപയോഗിച്ച് യാത്ര ചെയ്തത്. ക്യാബിനറ്റാണെങ്കിൽ അദ്ദേഹത്തിന് തലേദിവസം നടത്താമായിരുന്നു. ഇത് പ്രശ്നം കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗത്തിൽ പങ്കെടുക്കാൻ വേണ്ടി മാത്രം. മുഖ്യമന്ത്രി എന്തിന് ഹെലികോപ്റ്റർ ഉപയോഗിച്ചു യാത്ര ചെയ്തു? കേരളത്തിൽ ആദ്യമായാണ് ഇങ്ങനെ ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളത്. ഇക്കാര്യം ചൂണ്ടിക്കാണിക്കാനുള്ള ബാധ്യത നമുക്കുണ്ട്. മറ്റൊന്ന് ഇവിടെ നേരത്തെ പറഞ്ഞു. മുഖ്യമന്ത്രി ഡൽഹിയിൽപോയി മദ്യം വിളമ്പി എന്ന്. മദ്യം വിളമ്പിയതിന്റെ പൈസ എത്ര എന്നുചോദിച്ചാൽ പറയുന്നില്ല. അതിന് ശ്രീ. പി.ടി. തോമസ് പറഞ്ഞത് ചൈനയിൽ വിരുന്ന് നടത്തുമ്പോൾ മദ്യം വിളമ്പാറുണ്ട്, കോടിയേരി ബാലകൃഷ്ണനും, ആര്യാടൻ മുഹമ്മദും പോയപ്പോൾ അവിടെ വിരുന്നിന് മദ്യം വിളമ്പിയിട്ടില്ലേ.എന്നാണ്. ഞങ്ങൾ പോയ വിരുന്നിൽ ഒന്നും അവിടെ മദ്യം വിളമ്പിയിട്ടില്ല. ഞങ്ങളുടെ കൂടെ ആര്യാടൻ മാത്രമല്ല ശ്രീ. മുരളീധരനും ഉണ്ടായിരുന്നു. ഞങ്ങൾ പോയ സഭയിലൊന്നും മദ്യം വിളമ്പിയിട്ടില്ല. പക്ഷേ ചൈനയിൽ ഒരു ഏർപ്പാടുണ്ട്. ഈ സുഖക്കേടുള്ള ആൾക്കാരെ അവർക്ക് വേഗം പിടികിട്ടും. അവർക്ക് പ്രത്യേക അറേഞ്ച്മെന്റ് അവർ ചെയ്തുകൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : നിങ്ങളുടെ ബയോഡാറ്റ അവർക്ക് അയച്ചുകൊടുത്തു. നിങ്ങൾ നാലുപേരും ഒരുമിച്ച് പോയതുകൊണ്ടാണ് മദ്യം വിളമ്പാത്തത് എന്ന് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എന്താണെന്ന് പറയാൻ കഴിയില്ല, ഞങ്ങൾ പോയ സ്ഥലത്തൊന്നും അങ്ങനെയൊരു സംഭവം നടന്നിട്ടില്ല. പക്ഷേ ഇവിടെ നടന്നത് ന്യായീകരിക്കാൻവേണ്ടി ചൈനയെ കൊണ്ടുവരേണ്ട വല്ല കാര്യവുമുണ്ടോ? അതുകൊണ്ട് എന്റെ ചോദ്യം മുഖ്യമന്ത്രി ചെയ്തിട്ടുള്ള ഒരു കാര്യം അറിയാൻവേണ്ടി നമുക്ക് ഒരു നിയമം ഉണ്ടെങ്കിൽ ആ ഓഫീസറോട് ചോദിച്ചാൽ വിവരം കിട്ടും. ഇവിടെ അതില്ല. അതുകൊണ്ടാണ് ഇത് സംഭവിച്ചത്.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഡൽഹിയിലെ ഹോട്ടലിൽനിന്ന് ഒരു ബിൽ റസിഡൻസ് കമ്മീഷണർ, കേരളാ ഹൗസിന് കിട്ടി. ആ ബില്ലിൽ മദ്യത്തിന്റെ തുക കൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. അങ്ങ് പറയുന്നതുപോലെ Right to Information എന്ന നിയമം കേരളത്തിൽ പാസ്സായിരുന്നു എങ്കിൽ ഈ ബില്ലിന്റെ കോപ്പി അങ്ങേയ്ക്ക് കിട്ടുമായിരുന്നു. മദ്യത്തിന്റെ തുക എത്രയാണെന്ന് അറിയാമായിരുന്നു. അപ്പോൾ മദ്യം വിളമ്പി എന്നുള്ളത് വസ്തുതയാണ്. മദ്യത്തിന്റെ കൂടി തുക ചേർത്ത ബിൽ തുക കേരളാ ഹൗസ് കമ്മീഷണർക്ക് കിട്ടി എന്നുള്ള കാര്യവും നമുക്കെല്ലാം അറിയാമായിരുന്നു. അതിനല്ലേ ഇങ്ങനെയൊരു നിയമം വേണമെന്ന് ആവശ്യപ്പെടുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ നിയമം വളരെ അത്യാവശ്യമാണെന്ന് തെളിയിക്കത്തക്കവിധത്തിലുള്ള സംഭവ വികാസങ്ങളാണ് ഓരോ ദിവസവും നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ മനസ്സിലാക്കിയിടത്തോളം അങ്ങ് ഇത് ആവശ്യപ്പെടുന്നത് ഇതിനൊന്നുമല്ല. അങ്ങ് ഇങ്ങനെ നോക്കി നടക്കുകയാണ്. എവിടെ എങ്ങനെ അപമാനിക്കാൻ പറ്റുമെന്ന്. ചെറിയ ബ്ളാക്ക് മെയിലിംഗ്. അങ്ങനെ നടക്കുമ്പോൾ ഇതെങ്കിൽ ഇത്. കൈയിൽ കിട്ടിയ ആയുധം. അതിന് ഈ നിയമം വേണമെന്നില്ല. നമ്മുടെ സ്വതസിദ്ധമായ നടപടിക്രമത്തിന്റെ ഭാഗമായി നടന്നുപോകണം എന്നുള്ളതല്ലാതെ അതിന് പ്രത്യേക നിയമം വേണ്ട കാര്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഈ കാര്യത്തിനു നിയമം വേണമെന്നല്ല ഞാൻ ഉദ്ദേശിച്ചത്. ഇങ്ങനെയുള്ള നാനാ പ്രശ്നങ്ങൾ നമ്മുടെ മുന്നിൽ വന്നിരിക്കുന്നു എന്നുള്ളതാണ് പ്രശ്നം.

ശ്രീ. ടി. കെ. ബാലൻ : അങ്ങ് ഇപ്പോൾ Right to Information നിയമം വേണമെന്നു പറഞ്ഞു. രാജ്യത്തേയും നമ്മുടെ സംസ്ഥാനത്തേയുമൊക്കെ ബാധിക്കുന്ന പല പ്രധാനപ്പെട്ട വിവരങ്ങളും ഒളിച്ചു വയ്ക്കുകയാണ് ചെയ്യുന്നത്. ബ്രിട്ടീഷുകാർ ഉണ്ടാക്കിവച്ചിട്ടുള്ള Official Secret Act-ന്റെ മറ പിടിച്ചുകൊണ്ടാണ് ഇത്തരത്തിൽ നമ്മെ ബാധിക്കുന്ന പ്രധാനപ്പെട്ട പല കാര്യങ്ങളും ഒളിച്ചു വയ്ക്കുന്നത് എന്ന് അങ്ങേയ്ക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇ-ഗവേണൻസിന്റെ കാലത്ത് എന്തിനാണ് ഇത് ജനങ്ങളിൽ നിന്ന് ഒളിച്ചു വയ്ക്കുന്നത്? ഭരണം സുതാര്യമായിട്ടാണ് നടക്കുന്നതെങ്കിൽ ഇതൊന്നും തന്നെ ഒളിച്ചു വയ്ക്കേണ്ട യാതൊരു കാര്യവുമില്ല. ഇവിടെ മുമ്പ് ഒരു കേസ് വന്നു. ബഹുമാന്യനായ സുപ്രിയെ സംബന്ധിച്ച് ശ്രീ. അൽഫോൻസ് കണ്ണന്താനത്തിന്റെ കേസ്. ആ കേസ് വന്ന സാഹചര്യത്തിൽപ്പോലും എന്താണ് അതിന്റെ യഥാർത്ഥ വസ്തുത എന്ന് കോടതിയെപ്പോലും മറച്ചു പിടിച്ചില്ലേ? ഇവിടെ നടക്കുന്ന കാര്യങ്ങളെക്കുറിച്ചും, എന്താണ് ഭരണ രംഗത്ത് നടക്കുന്നത് എന്നും അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. നിയമപ്രകാരം ആ അറിവ് കൊടുത്താൽ മാത്രമേ ഭരണം സുതാര്യമാകൂ; അഴിമതി ഇല്ലാതാക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ഇപ്പോൾതന്നെ എന്തും ചെയ്യാമെന്ന അവസ്ഥയിലേക്കാണ് ഭരണം പോകുന്നത്. ഭരണച്ചെലവ് വർദ്ധിക്കുന്നു. നമ്മുടെ നാട്ടിൽ .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇരുമ്പുമറയ്ക്കുള്ളിൽ നടക്കുന്നതൊന്നും അത്ര ശരിയായ കാര്യമല്ല എന്നുതന്നെയല്ലേ. ജനാധിപത്യം ഇരുമ്പുമറയ്ക്കുള്ളിൽ നടക്കുന്ന കാര്യമല്ലല്ലോ. ഇരുമ്പുമറയ്ക്കുള്ളിൽ നടക്കുന്ന ഒരു സംവിധാനം ഒരിക്കലും ശരിയാവില്ല എന്നല്ലേ അങ്ങ് വാദിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇപ്പോഴത്തെ കാലത്ത് ഇരുമ്പുമറ രാജ്യത്തെവിടെയും നിൽക്കില്ല. എല്ലാം സുതാര്യമായി നടക്കുന്ന കാലത്ത് ഇരുമ്പുമറ ഇപ്പോൾ നടക്കുന്ന കാര്യമല്ല. ഇവിടെ ഭരണച്ചെലവ് കൂടുന്നു. എങ്ങനെയാണ് ഭരണച്ചെലവ് കൂടുന്നതെന്ന് ചോദിക്കാനുള്ള അവകാശം ജനങ്ങൾക്കില്ലേ? ഉദാഹരണത്തിന് പ്ലാനിംഗ് ബോർഡിൽ വൈസ് ചെയർമാനായി ഒരാളെ നിയമിച്ചിരിക്കുന്നു. ഒരു രാഷ്ട്രീയക്കാരനെ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാക്കി. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെയില്ലാത്ത കാര്യം. കെ.പി.സി.സി. പ്രസിഡന്റായിരുന്ന ഒരാൾ. കോൺഗ്രസിന്റെ അച്ചടക്ക സമിതിയുടെ ചെയർമാൻ. അയാളെ പിടിച്ച് പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനാക്കുന്നു. പ്ലാനിംഗ് ബോർഡിൽ രണ്ട് ആളുകളുടെ എണ്ണം കൂടുന്നു. ആ രണ്ട് ആളുകൾ കോൺഗ്രസിന്റെ നേതാക്കൻമാരാണ്. ഒരു ഫിലിപ്പോസ് തോമസും ഏതോ ഒരു ഗോപാലനും. ഈ രണ്ട് ആളുകളെയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ : സംസ്ഥാന കമ്മിറ്റി മെമ്പറായ ഡോ. തോമസ് ഐസക്കും, ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ മകൻ ഇ. എം. ശ്രീധരൻ നമ്പൂതിരിയും അവർ രണ്ടുപേരും മാർക്സിസ്റ്റ് ഭരണ കാലത്ത് പ്ലാനിംഗ് ബോർഡ് മെമ്പർമാരായാൽ അതിൽ അപാകതയില്ല. ഞങ്ങളുടെ കാലത്ത് കോൺഗ്രസ് അനുഭാവികളായ ഈ രണ്ടുപേർ മെമ്പർമാർ ആയാൽ അപാകത ഉണ്ടെന്നാണോ താങ്കൾ വാദിച്ചു വരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഡോ. തോമസ് ഐസക്കും ഇ. എം. ശ്രീധരനും വലിയ സാമ്പത്തിക വിദഗ്ദ്ധൻമാരായിരുന്ന ആളുകളാണ്. ഈ രണ്ട് ആൾക്കാരേയും പ്ളാനിംഗ് ബോർഡിന്റെ മെമ്പർമാരായിട്ടാണ് നിയമിച്ചത്. അന്ന് പ്ളാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ഡോ. ഐ. എസ്. ഗുലാത്തി ആയിരുന്നു. കേരളത്തിൽ ഇന്നേവരെ പ്ളാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായി ഒരു രാഷ്ട്രീയക്കാരനെ നിയമിച്ചിട്ടില്ല. വൈസ് ചെയർമാനായി ഒരു രാഷ്ട്രീയക്കാരനെ നിയമിച്ചതാണ് ഇപ്പോഴത്തെ പ്രശ്നം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ പ്ളാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായി രാഷ്ട്രീയമായ ആദ്യത്തെ നിയമനം ശ്രീ. എം. കെ. ഹമീദിന്റെ നിയമനം ആയിരുന്നു. നിയമിച്ചത് ആരാണെന്ന് അങ്ങേയ്ക്ക് അറിയാമോ? ഏത് ഭരണ കാലത്താണെന്ന് അറിയാമോ? അദ്ദേഹത്തെ പിന്നീട് എം.എൽ.എ. ആക്കാൻ നിർത്തിയ വിവരം അങ്ങേയ്ക്ക് അറിയാമോ? അവിടം മുതലാണ് ഇതിന്റെ ഉത്പത്തി. ഉത്പത്തി അറിയാതെ ഉപസംഹാരം ശരിയാകുമോ? ഇതിന്റെ തുടക്കം എവിടെയാണെന്ന് അങ്ങ് എ. കെ. ജി. സെന്ററിൽ പോയി പരിശോധിക്കണം. പഴയ ഫയൽ ഉണ്ടെങ്കിൽ അതിൽ നോക്കിയാൽ അറിയാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. എം. കെ. ഹമീദിനെ പ്ളാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായി തീരുമാനിച്ച കാലത്ത് അദ്ദേഹം രാഷ്ട്രീയക്കാരനല്ല. അദ്ദേഹം പിന്നീട് രാഷ്ട്രീയക്കാരനായിട്ടുണ്ടാകും. ആ സമയത്ത് അദ്ദേഹം രാഷ്ട്രീയക്കാരനല്ല. ഏറ്റവും നല്ല സാമ്പത്തിക വിദഗ്ദ്ധനായിരുന്നു അദ്ദേഹം.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട കോടിയേരിയെപ്പോലെ ഉന്നതനായ ഒരു നേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ സംസാരിക്കരുത്. ഇ.എം.എസ്-ന്റെ കാലത്ത് പ്ളാനിംഗ് ബോർഡ് വൈസ് ചെയർമാനായിരുന്ന ശ്രീ. എം.കെ. ഹമീദ് ആലുവ എം.എൽ.എ ആയിരുന്നു. അദ്ദേഹത്തെ ബഹുമാനപ്പെട്ട ഇ. എം. എസ്. വീട്ടിൽപ്പോയി കണ്ട് മന്ത്രിയാക്കാം എന്ന് വാഗ്ദാനം കൊടുത്ത് ആലുവയിൽ മൽസരിപ്പിച്ചതാണ്. മൽസരിച്ചു വന്നപ്പോൾ ഇമ്പിച്ചിബാവയെ മന്ത്രിയാക്കേണ്ടി വന്നു. അതിന് പകരമായിട്ടാണ് വൈസ് ചെയർമാൻ പദവി കൊടുത്തത് എന്നുള്ള കാര്യം മറച്ചുവയ്ക്കാതെ സത്യമായി അങ്ങ് ഈ സഭയിൽ പറയേണ്ടതല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. എം. കെ. ഹമീദ് അറിയപ്പെടുന്ന സാമ്പത്തിക വിദഗ്ദ്ധനായിരുന്നു. കോളേജ് പ്രൊഫസറായിരുന്നു. സാമ്പത്തിക ധന ശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. ശ്രീ. സി. വി. പത്മരാജൻ ഏത് കോളേജിലെ

പ്രൊഫസറായിരുന്നു? ഏത് സാമ്പത്തിക വിദഗ്ദ്ധനാണ് അദ്ദേഹം? കോൺഗ്രസിന്റെ അച്ചടക്ക സമിതിയുടെ ചെയർമാനെ പിടിച്ച് പ്ളാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ആക്കേണ്ട കാര്യം എന്താണ്?

ശ്രീ. ജി. കാർത്തികേയൻ : സാമ്പത്തിക വിദഗ്ദ്ധരായി ആരും ജനിക്കുന്നില്ല. ശ്രീ. സി. വി. പത്മരാജൻ കെ. പി. സി. സി. പ്രസിഡന്റ് ആയെന്നിരിക്കാം. കേരളത്തിലെ വളരെ സക്സസ്ഫുൾ ആയ ധനകാര്യ മന്ത്രിയായിരുന്നു അദ്ദേഹം. ശ്രീ. മോഹൻ ഗോപാൽ ലോകത്തെ അറിയപ്പെടുന്ന സാമ്പത്തികകാര്യ വിദഗ്ദ്ധനാണ്. വേൾഡ് ബാങ്കിന്റെ ഉദ്യോഗസ്ഥനായിരുന്നു. പിന്നെ ലോ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ആയിപ്പോയത് ഒരു കുറ്റമല്ല. ശ്രീ. ഫിലിപ്പോസ് തോമസ് രാഷ്ട്രീയക്കാരനാണ്. പക്ഷേ ഞങ്ങളുടെ പാർട്ടിയിലെ അറിയപ്പെടുന്ന ഒരു സാമ്പത്തിക കാര്യ വിദഗ്ദ്ധനാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. ഫിലിപ്പോസ് തോമസിനേയും ഗോപാലനേയും നിങ്ങൾ മെമ്പർമാരാക്കി.. ഞാൻ എതിർക്കുന്നില്ല. രണ്ട് മെമ്പർമാർ വർദ്ധിച്ചു. അധികച്ചെലവ് കൂടി. അത് എന്തിനുവേണ്ടി എന്നാണ് ചോദ്യം. നിങ്ങളുടെ രാഷ്ട്രീയ ആവശ്യത്തിനുവേണ്ടി ഭരണച്ചെലവ് വർദ്ധിപ്പിച്ചു. ശ്രീ. സി. വി. പത്മരാജൻ ധനകാര്യമന്ത്രിയായിരുന്നു എന്നുള്ളത് എല്ലാവർക്കും അറിയാം. ധനകാര്യ മന്ത്രിയായിരുന്ന ഏതെങ്കിലും ഒരാൾ പ്ളാനിംഗ് ബോർഡ് വൈസ് ചെയർമാനായി പിന്നീട് ഇരുന്നിട്ടുണ്ടോ? എന്തൊരു പണിയാണ്? സി. വി. പത്മരാജനെ അപമാനിച്ചില്ലേ? യഥാർത്ഥത്തിൽ ശ്രീ. സി. വി. പത്മരാജൻ ആ സ്ഥാനം ഏറ്റെടുക്കാൻ പാടില്ലായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞല്ലോ ഏതോ ഒരു ഗോപാലൻ എന്ന്. ഡോ. മോഹൻ ഗോപാലിനെയാണ് അങ്ങ് ഉദ്ദേശിച്ചത് എന്നു തോന്നുന്നു. ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി.-യുള്ള ആളാണ് മോഹൻ ഗോപാൽ എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ? യു.ജി.സി. മെമ്പറായിരുന്നു ശ്രീ. മോഹൻ ഗോപാൽ. നിങ്ങൾ രണ്ട് ത്രാസിലിട്ട് തൂക്കി നോക്കൂ. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ നിയമിച്ച പ്ളാനിംഗ് ബോർഡ് അംഗങ്ങളുമായി ഞാൻ അവരെ ആരേയും കുറച്ചു കാണുന്നില്ല. പക്ഷേ അവരേക്കാൾ പത്തരക്കട്ടി തൂക്കമുള്ള, വിദ്യാഭ്യാസ യോഗ്യതയുള്ള ആളുകളാണ് ഇപ്പോൾ വന്നിരിക്കുന്നത്. അങ്ങേയ്ക്ക് ഒരുപക്ഷേ അവരെ വ്യക്തിപരമായി അറിയാത്തതുകൊണ്ടായിരിക്കും. അങ്ങ് ആരേയും ആക്ഷേപിക്കുന്ന ഒരു വ്യക്തിയല്ലന്ന് അറിയാം. അങ്ങേയ്ക്ക് ഈ കാര്യങ്ങൾ വ്യക്തമായി അറിയാത്തതുകൊണ്ടാകും. ദയവായി ഇനിയും അത് ആവർത്തിക്കരുത് എന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അങ്ങനെയൊരു പ്രഗത്ഭനായ മോഹൻ ഗോപാൽ നിങ്ങളുടെ കൈയിൽ ഉണ്ടെങ്കിൽ, പ്രഗത്ഭനായ സാമ്പത്തിക വിദഗ്ദ്ധൻ ഫിലിപ്പോസ് തോമസ് നിങ്ങളുടെ കൈയിൽ ഉണ്ടെങ്കിൽ, നാലു വർഷം മുമ്പ് നിങ്ങൾ എന്തുകൊണ്ട് അവരെ നിയമിച്ചില്ല? ശ്രീ. എ. കെ. ആന്റണി അറിയാത്ത ആളെ എങ്ങനെ ഉമ്മൻചാണ്ടി കണ്ടുപിടിച്ചു? അപ്പോൾ നിങ്ങളുടെ ഇടയിലുള്ള ഗ്രൂപ്പിസമാണ്. ശ്രീ. പി. രാമചന്ദ്രനെ നിശ്ചയിച്ചത് എ. കെ. ആന്റണി ആയതുകൊണ്ട് എ. കെ. ആന്റണി നിശ്ചയിച്ച എല്ലാവരേയും മാറ്റാൻ വേണ്ടിയുള്ള പുനഃപ്രതിഷ്ഠയല്ലേ ഇത്?

ശ്രീ. സി. കെ. നാണു : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ എല്ലാവരും പ്രഗത്ഭരായ സാമ്പത്തിക വിദഗ്ദ്ധരാണ്. പക്ഷേ ഇപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നാലാം വർഷത്തെ ബഡ്ജറ്റ് ഇവിടെ പാസ്സാക്കി കഴിഞ്ഞു. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ശേഷം ഈ ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന അവസരത്തിൽ പ്ലാനിംഗ് ബോർഡ് മെമ്പർമാർക്ക് പ്രധാനമായും ഇനി എന്താണ് ചെയ്യാനുള്ളത് ? ദൈനംദിന മോണിട്ടറിംഗ് ചെയ്യാം എന്നല്ലാതെ ഈ ഗവൺമെന്റിന്റെ കാലത്ത് പ്രഗത്ഭരായ ഈ സാമ്പത്തിക വിദഗ്ദ്ധർക്ക് ഇനി എന്തു ചെയ്യാൻ പറ്റും?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : I raise a point of order. ഇവിടെ പ്ലാനിംഗ് ബോർഡ് പോലെയുള്ള ഒരു സമിതിയെക്കുറിച്ച് ദൗർഭാഗ്യകരമായ ഈ ചർച്ച അവസാനിപ്പിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്. ബാക്കി കാര്യങ്ങൾ എന്റെ കൈയിലുണ്ട്. അത് ഞാൻ പുറത്ത് പറഞ്ഞുകൊള്ളാം. നിങ്ങളും പുറത്തു പറഞ്ഞുകൊള്ളുക. പക്ഷേ പാവനമായ ഈ നിയമസഭയ്ക്ക് അകത്ത് ഒരു കോൺസ്റ്റിറ്റ്യൂഷണൽ ബോഡിയെ അപമാനിക്കുന്ന വിധത്തിൽ ഈ ചർച്ച പോകരുത്. അങ്ങ് നിയന്ത്രിക്കണം. ഞങ്ങൾക്ക് അതിനെല്ലാം ആർഗ്യുമെന്റ്സ് ഉണ്ട്. ആർഗ്യു ചെയ്യുന്നതിലുള്ള ബുദ്ധിമുട്ടുകൊണ്ടല്ല. അതുകൊണ്ട് ഈ ചർച്ച ഈ രൂപത്തിൽ പോകരുത് എന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എനിക്ക് കുറച്ചുകൂടി സമയം ആവശ്യമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : You can continue next time.

(ചർച്ച തുടരും)

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ 2005 മാർച്ച് മാസം 21-ാം തീയതി തിങ്കളാഴ്ച വീണ്ടും സമ്മേളിക്കുന്നതിനായി 18-ാം തീയതി ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly